ഉത്തരം

1981-ലെ കണക്കനുസരിച്ച് പഞ്ചായത്തിലെ അംഗസംഖ്യ പുനർ നിർണ്ണയം നടത്തുകയും അതനുസരിച്ച് വാർഡ് വിഭജനം നടത്തുകയും ചെയ്തു. വാർഡ് വിഭജനത്തെ സംബന്ധിച്ച റിവിഷൻ പരാതികളിൻമേൽ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് തിരഞ്ഞെടുപ്പ് നടത്തുന്നതാണ്.

കോർപ്പറേഷനുകളിൽ വാർഡ് വിഭജനം സംബന്ധിച്ച അന്തിമ തീരുമാനം ആയില്ല. വാർഡ് വിഭജനം പൂർത്തിയായാലുടൻ വോട്ടർ പട്ടിക വാർഡ് തിരിച്ച് അന്തിമമായി പ്രസിദ്ധീകരിക്കും.

മുനിസിപ്പാലിറ്റികളിലെ വാർഡുകൾ വിഭജിച്ചുകൊണ്ടുള്ള കരട് വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിച്ചു. അവയിൻമേൽ ലഭിച്ച ആക്ഷേപങ്ങളിലും അഭിപ്രായങ്ങളിലും ഉള്ള വിചാരണയും (മൂവാറ്റുപുഴ മുനിസിപ്പാലിറ്റി ഒഴികെ) നടന്നിട്ടുണ്ട്. വാർഡ് വിഭജനം സംബന്ധിച്ച ഫൈനൽ നോട്ടിഫിക്കേഷൻ എത്രയും പെട്ടെന്ന് പ്രസിദ്ധീകരിക്കുന്നതാണ്. വാർഡ് വിഭജനം പൂർത്തിയാകുന്ന മുറയ്ക്ക് വാർഡ് തിരിച്ചുള്ള വോട്ടർ പട്ടിക പ്രസിദ്ധപ്പെടുത്തുന്നതാണ്. ഈ നടപടികൾ പൂർത്തിയായാലുടൻ തിരഞ്ഞെടുപ്പ് നടത്തുന്നതാണ്.

പഞ്ചായത്തുകളുടെ ഗ്രൂപ്പിംഗ്

102 [304] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളുടെ ഗ്രൂപ്പിംഗ് എന്നത്തേയ്ക്ക് നടത്തും;

(ബി) ഗ്രൂപ്പിംഗ് സംബന്ധിച്ച പ്രപ്പോസൽ എന്നാണ് പഞ്ചായത്ത് ഡയറക്ടർ ഗവൺമെൻറിലേക്ക് അയച്ചത്;

(സി) ഗ്രൂപ്പിംഗ് സംബന്ധിച്ചുള്ള ഫൈനാൻസ് കമ്മീഷനേറയും എക്സാമിനർ ഓഫ് ലോക്കൽ ഫണ്ട് അക്കൗണ്ട്സിനേറയും അഭിപ്രായം ഗവൺമെൻറിന് കിട്ടിയോ;

(ഡി) മൂന്നു വർഷത്തിലൊരിക്കൽ ഗ്രൂപ്പിംഗ് എന്ന തത്വം നടപ്പിലാക്കാൻ കഴിയുന്നത്ര വേഗത്തിൽ ഗ്രൂപ്പിംഗ് നടത്താൻ ഗവൺമെൻറ് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ, ബി, സി, ഡി) ഈ കാര്യത്തെപ്പറ്റി പഠിച്ച് ഗവൺമെൻറിലേയ്ക്ക് ശുപാർശ ചെയ്യുന്നതിന് പഞ്ചായത്ത് ധനകാര്യ കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കമ്മീഷൻറെ നിർദ്ദേശം കിട്ടിയശേഷം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

പേരാമ്പ്ര പഞ്ചായത്ത് മാർക്കറ്റ്

103 [305] ശ്രീ. എ.കെ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര പഞ്ചായത്ത് മാർക്കറ്റ് നിർമ്മാണത്തിന് വേണ്ടിയുള്ള അക്വിസിഷൻ നടപടി ഗവൺമെൻറ് സ്റ്റേ ചെയ്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ സ്റ്റേ ചെയ്യാനുള്ള കാരണമെന്ത്;

(സി) അകപിസിഷൻ നടപടി ത്വരിതപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഗവൺമെൻറിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ നിവേദനത്തിൻമേൽ എന്തു നടപടി കൈക്കൊണ്ടു?

ഉത്തരം

(എ) ഉണ്ട്.

(ബി) കൃഷിക്കാരനായ സ്ഥലമുടമയ്ക്ക് ജീവിതമാർഗ്ഗമില്ലാതായി തീരുമെന്ന ഒരു നിവേദനത്തിൻെറ വെളിച്ചത്തിലാണ്.

(സി, ഡി) നിവേദനം ലഭിച്ചതായി കാണുന്നില്ല.

വാടക വർദ്ധനവ്

104 [308] ശ്രീ. തോപ്പിൽ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് ഒരു മാനദണ്ഡവുമില്ലാതെ വാടക വർദ്ധിപ്പിച്ചതുമൂലം തൃക്കടവൂർ പഞ്ചായത്തിൻെറ ഷോപ്പിംഗ് സെൻററിൽ കച്ചവടം നടത്തുന്ന വ്യാപാരികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളെ സംബന്ധിച്ച് ഗവൺമെൻറിന് നിവേദനം സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇപ്രകാരമൊരു നിവേദനം കിട്ടിയതായി കാണുന്നില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പാലക്കാട് വികസന അതോറിറ്റി

105 [310] ശ്രീ. ഇ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് വികസന അതോറിറ്റിയുടെ 1984-85-ലെ ആകെ ചെലവെത്ര;

(ബി) അതിൽ ശമ്പളം, യാത്രപ്പടി, വാടക എന്നീ ഇനങ്ങളിലെ ചെലവ് എത്ര?

ഉത്തരം

(എ) 5,44,139.52 രൂപ

(ബി) 1,67,399.00 രൂപ, 10,431.25 രൂപ, 22,176.00 രൂപ.

ശുദ്ധജല വിതരണ പദ്ധതികൾ

106 [311] ശ്രീ. കെ.പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്കിൻെറ സഹായത്തോടുകൂടി ഈ വർഷം നടപ്പാക്കുന്ന ശുദ്ധജല വിതരണ പദ്ധതികൾ ഏതെല്ലാമാണ്;

LIBRARY ARCHIVES Kerala Legislative Assembly